പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3249 | 3.04.2013 ൽ മറുപടിയ്ക്ക് |
|---|---|

**നിർഭയ ഷെൽട്ടർ ഹോമുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, എം. പി. വിൻസെന്റ്<br>,, എ. റ്റി. ജോർജ്<br>,, ഐ. സി. ബാലകൃഷ്ണൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. പ്രാരംഭമായി തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള സാമൂഹ്യനീതി വകുപ്പ് സ്ഥാപന കോംപ്ലക്സിൽ ഷെൽറ്റർ ഹോം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഷെൽട്ടർ ഹോമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി)പീഡനത്തിന് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള പെൺകുട്ടികളെയാണ് ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഉള്ള അവസരം ഒരുക്കുന്നുണ്ട്. കേസിന്റെ കർശനമായ നടത്തിപ്പിനും പീഡിതയുടെ സുരക്ഷിതമായ സംരക്ഷണം ഉറപ്പാക്കുന്നതിനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽറ്റർ ഹോം പ്രവർത്തിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായ ത്തോടെയാണ് അവ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ ; | (സി) തിരുവനന്തപുരത്ത് കേരള മഹിളാ സമഖ്യാ സൊസൈറ്റിയെയാണ് നിർഭയ ഷെൽറ്റർ ഹോമിന്റെ പ്രവർത്തന ചുമതല ഏൽപ്പിച്ചിരി ക്കുന്നത്. |
| (ഡി) പ്രസ്തുത ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) എല്ലാ ജില്ലകളിലും നിർഭയ ഷെൽറ്റർ ഹോമുകൾ ആരംഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തുകളോട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ